DESPATCHED
On.01/01/22

13.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1783*(2)/2020*/***എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14838**/എസ്.ഐ.സി-ജി 6/2020)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. നസീർ എ,
കരിക്കകത്ത് വീട്,
പുത്തൻ കടവ്, കണിയാപുരം,
തിരുവനന്തപുരം – 695 301.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള കാർഷിക സർവ്വകലാശാല,
മെയിൻ കാമ്പസ്, വെള്ളാനിക്കര,
തൃശ്ശൂർ – 680 656.
2. അപ്പീൽ അധികാരി,
കേരള കാർഷിക സർവ്വകലാശാല,
മെയിൻ കാമ്പസ്, വെള്ളാനിക്കര,
തൃശ്ശൂർ – 680 656.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05/09/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12/10/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 09/12/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22/12/2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. നസീർ എ 22/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1783(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ എതിർകക്ഷി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 05/09/2020 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ വെള്ളായണി കാർഷിക കോളേജ് ഡീൻ കത്ത് നമ്പർ ES(2)/3643/2020 തീയതി 12/03/2020 നൽകിയ ശുപാർശ കത്തുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. വെള്ളായണി കാർഷിക കോളേജ് ഡീനിന്റെ ശുപാർശയായി ടി കത്ത് പ്രകാരം എത്തിയ തപാൽ കാർഷിക സർവ്വകലാശാല ആസ്ഥാനത്ത് ഏത് തീയതിയിൽ ലഭിച്ചുവെന്നും
2. ടി തപാലിന്മേൽ നടപടി സ്വീകരിക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥന്മാർ ആരെല്ലാമെന്നും
3. ടി തപാലിന്മേൽ സമയബന്ധിതമായി നടപടി എടുക്കുന്നതിൽ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ PR, Arrear list എന്നിവയടക്കം പരിശോധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും
4. ടി തപാലിന്മേൽ സമയബന്ധിതമായി നിയമാനുസൃതം നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിന്മേൽ പരാതി നൽകേണ്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ, ഇ-മെയിൽ എന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നതാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 12/10/2020-ന് എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 04/01/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 05/09/2020 തീയതിയിലെ വിവരാവകാശ നിയമ പ്രകാരമുള്ള 15 ചോദ്യങ്ങളടങ്ങിയ അപേക്ഷ 16/09/2020 തീയ്യതിക്ക് സർവ്വകലാശാലയിൽ ലഭിക്കുകയും മേൽ അപേക്ഷയിൽ 12/10/2020 തീയ്യതിയിലെ കംപ്ട്രോളറുടെ ES/A2/16305/2020 നമ്പർ കത്ത് പ്രകാരം ആദ്യ ഘട്ടത്തിൽ ചോദ്യം 11-ന് മറുപടി നൽകുകയും ബാക്കിയുള്ള ചോദ്യങ്ങൾക്ക് 25/11/2020 തീയ്യതിയിലെ ഇതേ നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുള്ളതുമാണെന്നും, ടിയാന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ മറുപടി ലഭ്യമാക്കുന്നതിനു മുമ്പ് തന്നെ ടിയാന്റെ 03/11/2020 തീയതിയിലെ ഒന്നാം അപ്പീൽ അപേക്ഷ 06/11/2020-ന് സർവ്വകലാശാലയിൽ ലഭിക്കുകയും ആയതിന് 09/12/2020 തീയതിയിലെ ടി നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും, അപ്പീൽ അപേക്ഷയിലെ രണ്ടാം ഭാഗത്തിൽ ഹർജിക്കാരന്റെ 05/09/2020-ലെ വിവരാവകാശ അപേക്ഷയിലെ ചോദ്യം നമ്പർ 11-ന് സർവ്വകലാശാല കംപ്ട്രോളർ 12/10/2020-ന് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് വിവരങ്ങൾ ലഭ്യമാക്കണമെന്ന് അറിയിച്ചിട്ടുണ്ടെന്നും, 56 വയസ്സിനുശേഷം കോടതി ഉത്തരവനുസരിച്ച് സർവ്വീസിൽ തുടർന്നിരുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻ, ഡെപ്യൂട്ടി ലൈബ്രേറിയൻ എന്നിവർക്ക് കോടതി വിധി പാലിച്ച് നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ഉത്തരവായിട്ടുണ്ടെന്നും ആയതിന്റെ പകർപ്പുകൾ അടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് 30 ദിവസത്തിന് ശേഷം 25/11/2020-നാണ് പൂർണ്ണമായ മറുപടി നൽകിയിരിയ്ക്കുന്നതെന്നു കമ്മീഷനു ബോധ്യമാകുന്നു. അതോടൊപ്പം 12/10/2020-ന് ഹർജിക്കാരനു മറുപടി നൽകിയിരിയ്ക്കുന്നതു എസ്.പി.ഐ.ഒ അല്ലെന്നും വ്യക്തമാണ്. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി

എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

ഒന്നാം അപ്പീൽ അധികാരിയോട് 12/01/2021-ൽ റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെ റിപ്പോർട്ട് സമർപ്പിയ്ക്കാത്തതിനുള്ള വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2022 ജനുവരി 13-ാം** തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

AV